**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5591** **15-03-2023 - ൽ മറുപടിയ്ക്ക്**

**മുക്കം പോളിടെക്നിക്കിന് സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | മുക്കം താഴേക്കോട്ടു വില്ലേജിൽ ഇസ്ലാഹിയ ട്രസ്റ്റിന് കീഴിലുള്ള വഖഫ് ഭൂമി സർക്കാർ പോളിടെക്നിക്കിന് വിട്ടു നൽകുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | അപേക്ഷ ലഭിച്ചിട്ടില്ല. |
| (ബി) | വഖഫ് ഭൂമി മറ്റൊരു വകുപ്പിന്റെ ആവശ്യത്തിന് വിട്ടു നൽകുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ? | (ബി) | 1995-ലെ വഖഫ് നിയമത്തിൽ 2013-ൽ ഉണ്ടായ നിയമഭേദഗതി അനുസരിച്ച് 51(1എ), 104എ എന്നീ വകുപ്പുകൾ പ്രകാരം വഖഫ് വസ്തുക്കളുടെ വിൽപ്പന, ദാനം, ഒത്തുമാറ്റം, പണയപ്പെടുത്തൽ, കൈമാറ്റം എന്നിവ സാധുതയില്ലാത്തതാണ്. എന്നിരുന്നാലും 51(1എ) പ്രൊവൈസോ പ്രകാരം സംസ്ഥാന വഖഫ് ബോർഡുമായി ആലോചിച്ച് നിലവിലുള്ള ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം പൊതുകാര്യത്തിനായി ഭൂമി ഏറ്റെടുക്കുവാൻ വ്യവസ്ഥയുണ്ട്. അത്തരത്തിൽ പൊതുകാര്യത്തിനായി വഖഫ് ഭൂമി ഏറ്റെടുക്കുമ്പോൾ ടി ഏറ്റെടുക്കുന്ന വഖഫ് ഭൂമിയ്ക്ക് പകരം നിലവിലുള്ള മാർക്കറ്റ് വില നഷ്ടപരിഹാരമായോ അല്ലെങ്കിൽ ന്യായമായ നഷ്ടപരിഹാരം സഹിതം അനുയോജ്യമായ ഭൂമിയോ നൽകേണ്ടതാണ്. |

സെക്ഷൻ ഓഫീസർ